# CONSUMER GRIEVANCE REDRESSAL FORUM

## CENTRAL REGION

**(Formed under Section 42(5) of the Electricity Act 2003)**
**220 kV Substation Compound, HMT Colony P.O., Kalamassery, Pin – 683 503**
**Phone No. 0484-2556500 Website: cgrf.kseb.in, Email: cgrf.ekm@gmail.com,**
**CUG No. 9496008719**

| | | |
|---|---|---|
| **Present** | **(1) Smt.Sheeba. P** | **Chairperson** |
| | **(2) Smt. Jayanthi. S** | **2nd Member** |
| | **(3) Sri. Biju Varghese** | **3rd Member** |

| | |
|---|---|
| Petitioner | Sri. Johnson Abraham,<br>Vanalimalayil,<br>LMS, Puthuval,<br>Glenmary P.O., Peerumade,<br>Idukki, Pin – 685 531 |
| Respondent | The Assistant Executive Engineer,<br>Kerala State Electricity Board Ltd,<br>Electrical Sub Division,<br>Vandiperiyar<br>(Electrical Section, Peerumade) |

==============================================================

**No.CGRF-CR/OP No.113/2023-24 Date: 30.04.2024.**

**Ref. No.CGRF-CR/OP No.113/2023-24/62 /dtd.23.04.2024.**

## REVISED ORDER

**പരാതിയുടെ പശ്ചാത്തലം:-**

പരാതിക്കാരനായ, ശ്രീ. ജോൺസൻ അബ്രാഹാം, വാണൊലിമലയിൽ , പീരുമേട് ഇലക്ട്രിക്കൽ സെക്ഷന് കീഴിലെ 1156127017496 എന്ന കൺസ്യൂമർ നമ്പറുള്ള ഉപഭോക്താവാണ്. ഈ കണക്ഷൻ ശ്രീ. അബ്രാഹാം, വാണൊലിമലയിൽ എന്നയാൾക്ക് 24.08..2007-ൽ 460 വാട്ട് സിംഗിൾ ഫേസായി നല്കിയിട്ടുള്ളതാണ്. 2023 ജനുവരി മാസം പരാതിക്കാരന് ലഭിച്ച വൈദ്യുതി ബില്ലിന്റെ തുക, മുൻ ബില്ലുകളിലേതുമായി താരതമ്യപ്പെടുത്തുമ്പോൾ ക്രമാതീതമായ വർധനവ് കാണിച്ചിരുന്നു. ബിൽ തുക 76410 രൂപയായിരുന്നു. പരാതിക്കാരൻ ഈ ബില്ലിനെതിരെ പരാതി കൊടുക്കുകയും , അതിനെ തുടർന്ന് മീറ്റർ

പരിശോധന നടത്തുകയുണ്ടായി. തുടർന്ന് ഉപഭോക്താവിന് നൽകിയ 76410 രൂപയുടെ ബില്ല് 40396 രൂപയുടേതായി പുനർനിർണ്ണയിച്ചു നൽകുകയുണ്ടായി . എന്നാൽ ഈ പുനർനിർണ്ണയിച്ചു നൽകിയ ബില്ലിനെതിരെയാണ് പരാതിക്കാരൻ ഈ ഫോറത്തെ സമീപിച്ചിരിക്കുന്നത്.

**പരാതിക്കാരന്റെ വിശദീകരണം :-**

2023 ജനുവരി മാസം പരാതിക്കാരന് ലഭിച്ച വൈദ്യുതി ബിൽ തുകയിൽ ക്രമാതീതമായ വർദ്ധനവ് കാണിച്ചിരുന്നു.പരാതിക്കാരന് മുൻ മാസങ്ങളിൽ ലഭിച്ചിരുന്ന ബിൽ തുക 650രൂപ, 550രൂപ, 700രൂപ, 450രൂപ എന്നിങ്ങനെയായിരുന്നു. പരാതിക്കാരന്റെ പ്രദേശത്തെ ധാരാളം ഉപഭോക്താക്കൾക്ക് ഇത്തരത്തിൽ ഭീമമായ തുകയ്ക്കുള്ള ബില്ലുകൾ ഇതേ മാസത്തിൽ ലഭിച്ചിട്ടുണ്ട്. പരാതി നൽകിയതിന്റെ അടിസ്ഥാനത്തിൽ ബിൽ തുക 40396 രൂപയായി കുറയ്ക്കുകയും അത് അടയ്ക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. അതുവരെ നൽകിയ ബില്ലുകളെല്ലാം അടച്ചിട്ടുണ്ട്. ഈ വലിയ തുക കുടിശ്ശികയായതിനാൽ പിന്നീട് വന്ന ബില്ലുകൾ അടയ്ക്കാൻ സാധിക്കാതെ വന്നു. തുക അടയ്ക്കാത്തതിനെ തുടർന്ന് വൈദ്യുതി വിച്ഛേദിക്കുകയും 3 ദിവസത്തോളം വീട്ടിൽ വൈദ്യുതി ഇല്ലാത്ത അവസ്ഥയുണ്ടായി. തുടർന്ന് കെ എസ് ഇ ബി ഓഫീസിൽ പോയി സംസാരിച്ച് കുറച്ചു തുക അടയ്ക്കുകയും ബാക്കി തുകയ്ക്ക് തവണകളായി അടയ്ക്കാനുള്ള സൗകര്യവും വാങ്ങിയതിന് ശേഷമാണ് വൈദ്യുതി പുനഃസ്ഥാപിച്ച് കിട്ടിയത്. ഈ ഉയർന്ന തുകയ്ക്കുള്ള ബില്ലിനെ സംബന്ധിച്ച് സെക്ഷൻ ഓഫീസിൽ അന്വേഷിച്ചപ്പോൾ അറിയാൻ കഴിഞ്ഞത്, മുൻ കാലങ്ങളിൽ റീഡിങ്ങ് എടുത്തതിലുള്ള അപാകതയും ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുണ്ടായ അനാസ്ഥയുമാണ് ഇതിനു കാരണമെന്നാണ്. ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നുള്ള വീഴ്ച്ച മൂലം സംഭവിച്ച ഈ അധിക ബില്ല് ഒഴിവാക്കി നൽകണമെന്നതാണ് പരതിക്കാരന്റെ ആവശ്യം.

**<u>എതിർകക്ഷിയുടെ വിശദീകരണം:-</u>**

പരാതിക്കാരനായ, ശ്രീ. ജോൺസൻ അബ്രാഹം, വാണൊലിമലയിൽ , പീരുമേട് ഇലക്ട്രിക്കൽ സെക്ഷന് കീഴിലെ 1156127017496 എന്ന കൺസ്യൂമർ നമ്പറുള്ള ഉപഭോക്താവാണ്. ഈ കണക്ഷൻ ശ്രീ. അബ്രാഹം, വാണൊലിമലയിൽ എന്നയാൾക്ക് 24.08..2007-ൽ 460 വാട്ട് സിംഗിൾ ഫേസായി നല്കിയിട്ടുള്ളതാണ്. ഈ കൺസ്യുമർ ഉൾപ്പെടുന്ന പ്രദേശത്ത് റീഡിങ് എടുത്തു വന്നിരുന്ന കരാർ ജീവനക്കാരന്റെ ആകസ്മിക മരണത്തെ തുടർന്ന് മീറ്റർ റീഡിങ് എടുക്കുന്നതിനായി 2023 ജനുവരി മാസം മുതൽ മറ്റൊരാളെ നിയോഗിച്ചു. ജനുവരി മാസം എടുത്ത റീഡിങ്ങുകളിൽ ഈ പ്രദേശത്തെ 25ൽ അധികം ഉപഭോക്താക്കളുടെ വൈദ്യുതി ഉപഭോഗ യൂണിറ്റിൽ ക്രമാതീതമായ വർദ്ധനവ് കാണപ്പെട്ടു.

മീറ്റർ റീഡർ 25-11-2022 ൽ രേഖപ്പെടുത്തിയ റീഡിങ് 2010 യൂണിറ്റാണ് . 31-01-2023 ൽ റീഡിങ് രേഖപെടുത്തിയപ്പോൾ മീറ്റർ റീഡിങ് 11068 kwh ആണ് രേഖപ്പെടുത്തിയത്. ഉപഭോഗം 9058 യൂണിറ്റായി കണക്കാക്കി 76410 രൂപയുടെ ബില്ല് തയ്യാറാക്കി പരാതിക്കാരന് നൽകി. ഇതിനെതിരെ പരാതിക്കാരൻ പരാതി ബോധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തുകയുണ്ടായി. പ്രാഥമിക പരിശോധനയിൽ മുൻ മീറ്റർ റീഡർ യഥാർത്ഥ ഉപഭോഗം പൂർണമായും ബില്ലിൽ രേഖപ്പെടുത്താതെ കുറവ് നൽകിയതിന്റെ ഫലമായിട്ടോ നേരിട്ട് വീടുകളിൽ ചെന്ന് ഉപഭോഗം രേഖപെടുത്താത്തതിന്റെ ഫലമായിട്ടോ ആണ് ഇപ്പോൾ യഥാർത്ഥ റീഡിങ് രേഖപെടുത്തിയപ്പോൾ ഇത്രയും ഉയർന്ന തുക വന്നിട്ടുള്ളത് ബോധ്യപ്പെടുന്നു.

എതിർകക്ഷി വാദിക്കുന്നത് രേഖപ്പെടുത്തിയ യൂണിറ്റുകളെല്ലാം പരാതിക്കാരൻ മുൻകാലങ്ങളിൽ ഉപയോഗിച്ചിട്ടുള്ളതാണെന്നാണ്. പ്രസ്തുത 9058 യൂണിറ്റ് ഉപഭോഗം 10/2017 മുതൽ 01.2023 വരെയുള്ള കാലയളവിലേതായി കണക്കാക്കി ക്രമപ്പെടുത്തുകയും 76410 രൂപയുടെ ബില്ല് 40396 രൂപയുടെ ഷോർട് അസ്സെസ്സ്മെന്റ് ആയി പുനര്നിര്ണയിച്ച് പരാതിക്കാരന് നൽകിയെന്നുമാണ് എതിർകക്ഷി പറയുന്നത്. എന്നാൽ പുതുക്കി നിശ്ചയിച്ച തുകയും അടക്കുവാൻ പരാതിക്കാരൻ വിസമ്മതിക്കുകയാണുണ്ടായത്.

പരാതിക്കാരൻറെ പരാതിയുടെ അടിസ്ഥാനത്തിലും , പരാതിക്കാരൻ ആവശ്യപ്പെട്ടതു പ്രകാരവും അംഗീകൃത ലാബായ പള്ളം ടി.എം.ആറിൽ മീറ്റർ ടെസ്റ്റ് ചെയ്തു. ടെസ്റ്റ് റിസൾട്ട് പ്രകാരം മീറ്ററിന് തകരാർ ഒന്നും കണ്ടെത്തിയിട്ടില്ല.

പരിശോധനയിൽ ആറു മാസത്തെ ഉപഭോഗം മാത്രമാണ് ഡൗൺ ലോഡ് ചെയ്യാൻ കഴിഞ്ഞത്. എതിർകക്ഷി അവകാശപ്പെടുന്നത്, ഇത്തരം സന്ദർഭങ്ങളിൽ, കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ്, 2014, റെഗുലേഷൻ 152 (2) പ്രകാരമുള്ള വ്യവസ്ഥ ലൈസൻസിക്ക് സ്വീകരിക്കാനാവുമെന്നാണ്.

എതിർകക്ഷിയുടെ അവകാശവാദം , അപാകതകൾ നിലനിന്നിരുന്ന കാലയളവിൽ ലൈസൻസിക്ക് നിയമപരമായി കിട്ടേണ്ടിയിരുന്ന വൈദ്യുതി ചാർജുകളുടെ തുക പലിശയില്ലാതെയാണ് ഉപഭോക്താവിന് ഡിമാൻഡായി നൽകിയതെന്നും, അത്തരത്തിൽ തുക ഈടാക്കുന്നതിന് കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ്, 2014, റെഗുലേഷൻ 134 (1) ലൈസെൻസിക്ക് സ്വാതന്ത്ര്യം നൽകുന്നു എന്നുമാണ്.

കൂടാതെ എതിർകക്ഷി ഇത്തരത്തിൽ ബില്ല് നൽകിയതിന് പിൻബലത്തിനായി M/S PREM COTTEX (Appellant) Versus UTTAR HARYANA BIJLI VITRAN NIGAM LTD. & ORS എന്ന കേസിൽ ബഹുമാനപെട്ട സുപ്രീം കോടതിയുടെ കണ്ടെത്തൽ കൂടി മുന്നോട്ട് വയ്ക്കുന്നു. എതിർകക്ഷി സുപ്രീം കോടതി വിധിയുടെ താഴെ പറയുന്ന ഭാഗം ഉദ്ദരിക്കുന്നു.

*"Subsection (1) of Section 56 , deals with the disconnection of electric supply if any person "neglects to pay any charge for electricity". The question of neglect to pay would arise only after a demand is raised by the licensee. Subsection (2) of Section 56 has a non-obstante clause with respect to what is contained in any other law, regarding the right to recover including the right to disconnect."*

കൂടാതെ എതിർകക്ഷി കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ്, 2014, റെഗുലേഷൻ 136 ഉദ്ദരിച്ചുകൊണ്ട്, തുക അടയ്ക്കേണ്ട തീയതി മുതൽ വൈകിയുള്ള അടവുകൾക്കു, ബാധകമായ നിരക്കിൽ ഉപഭോക്താവിൽ നിന്ന് പലിശയോ മറ്റേതെങ്കിലും തുകയോ ഈടാക്കാനുള്ള അധികാരം ലൈസൻസിക്ക് ഉണ്ടെന്നു കൂടി വാദിക്കുന്നു.

***Regulation-136. Recovery of arrears and its limitation.-*** *(1) The licensee shall be entitled to recover arrears of charges or any other amount due from the consumer along with interest at the rates applicable for belated payments from the date on which such payments became due.*

**അവലോകനവും കണ്ടെത്തലുകളും.**

ഈ പരാതിയിന്മേലുള്ള ഹിയറിങ് 17/04/2024 ൽ കെ എസ് ഇ ബി ൽ -ന്റെ പീരുമേട് ഇൻസ്‌പെക്ഷൻ ബംഗ്ലാവിൽ വച്ച് രാവിലെ 10.30-ന് ഈ ഫോറം നടത്തുകയുണ്ടായി. ഹിയറിങ്ങിൽ പരാതിക്കാരനും എതിർകക്ഷിയും പങ്കെടുക്കുകയുണ്ടായി. പരാതിയും എതിർകക്ഷിയുടെ മറുപടിയും പരിഗണിച്ചതിൽ നിന്നും, സാഹചര്യങ്ങളും വസ്തുതകളും പരിശോധിച്ചതിൽ നിന്നും, ഇരുകക്ഷികളുടെയും വാദംകേട്ടതിൽനിന്നും, ഈ ഫോറം താഴെ വിശദീകരിക്കുന്ന അനുമാനങ്ങളിലും തീരുമാനങ്ങളിലും എത്തിച്ചേർന്നിരിക്കുന്നു.

ശ്രീ. ജോൺസൻ അബ്രാഹാം, വാണൊലിമലയിൽ , പീരുമേട് ഇലക്ട്രിക്കൽ സെക്ഷന് കീഴിലെ 1156127017496 എന്ന കൺസ്യൂമർ നമ്പറുള്ള ഉപഭോക്താവാണ്. ഈ കണക്ഷൻ ശ്രീ. അബ്രാഹാം, വാണൊലിമലയിൽ എന്നയാൾക്ക് 24.08..2007-ൽ 460 വാട്ട് സിംഗിൾ ഫേസായി നല്കിയിട്ടുള്ളതാണ്. 2023 ജനുവരി മാസം പരാതിക്കാരന് ലഭിച്ച വൈദ്യുതി ബില്ലിന്റെ തുക, മുൻ ബില്ലുകളിലേതുമായി താരതമ്യപ്പെടുത്തുമ്പോൾ ക്രമാതീതമായ വർധനവ് കാണിച്ചിരുന്നു. ബിൽ തുക 76410 രൂപയായിരുന്നു. പരാതിക്കാരൻ ഈ ബില്ലിനെതിരെ പരാതി കൊടുക്കുകയും , അതിനെ തുടർന്ന് മീറ്റർ പരിശോധന നടത്തുകയുണ്ടായി. തുടർന്ന് ഉപഭോക്താവിന് നൽകിയ 76410 രൂപയുടെ ബില്ല് 40396 രൂപയുടേതായി പുനർനിർണ്ണയിച്ചു നൽകുകയുണ്ടായി . എന്നാൽ ഈ പുനർനിർണ്ണയിച്ചു നൽകിയ ബില്ലിനെതിരെയാണ് പരാതിക്കാരൻ ഈ ഫോറത്തെ സമീപിച്ചിരിക്കുന്നത്.

പരാതിക്കാരൻ പറയുന്നത് 2023 ജനുവരി മാസം പരാതിക്കാരന് ലഭിച്ച വൈദ്യുതി ബിൽ തുകയിൽ ക്രമാതീതമായ വർധനവ് കണ്ടു. ബിൽ തുക 76410 രൂപയായിരുന്നു. മുൻ മാസങ്ങളിൽ ലഭിച്ചിരുന്ന ബിൽ തുക 650രൂപ, 550രൂപ, 700രൂപ, 450രൂപ എന്നിങ്ങനെയായിരുന്നു. ബിൽ തുകയിലുണ്ടായ വർധനവിനെ കുറിച്ച് സെക്ഷൻ ഓഫീസിൽ അന്വേഷിച്ചപ്പോൾ അറിയാൻ കഴിഞ്ഞത്, മുൻ കാലങ്ങളിൽ റീഡിങ്ങ് എടുത്തതിലുള്ള അപാകതയും ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുണ്ടായ അനാസ്ഥയുമാണ് ഇതിനു കാരണമെന്നാണ്. ലൈസെൻസിയുടെ

ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നുള്ള വീഴ്ച്ച മൂലം ഉണ്ടായ തെറ്റുകൾക്ക് ഉത്തരവാദിയല്ലെന്നു പരാതിക്കാരൻ പറഞ്ഞു.

2023 ജനുവരി മാസം പരാതിക്കാരനു നൽകിയ ബില്ലിൽ ഉയർന്ന ഉപഭോഗം രേഖപ്പെടുത്തിയതും അതിനനുസൃതമായ വലിയ തുക വന്നതും, മുൻ കാലങ്ങളിൽ മീറ്റർ റീഡർ യഥാർത്ഥ ഉപഭോഗം പൂർണമായും ബില്ലിൽ രേഖപ്പെടുത്താതെ കുറവ് നൽകിയതിന്റെ ഫലമായിട്ടോ നേരിട്ട് വീടുകളിൽ ചെന്ന് ഉപഭോഗം രേഖപെടുത്താത്തതിന്റെ ഫലമായിട്ടോ ആണെന്നും എതിർകക്ഷി വാദിക്കുന്നു. മുൻകാലങ്ങളിൽ ബില്ലിൽ രേഖപ്പെടുത്താതെപോയ പരാതിക്കാരന്റെ ഉപഭോഗം കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് ,2014, റെഗുലേഷൻ 134,152 എന്നിവ പ്രകാരം ഷോർട് അസ്സെസ്സ്മെന്റായി കണക്കാക്കി പരാതിക്കാരന് 25.10.2017 മുതൽ 02.02.2023 വരെയുള്ള ബില്ലുകൾ പുനർനിർണ്ണയിച്ചു നല്കുകയാണുണ്ടായത്. എന്നാൽ, പരാതിക്കാരന്റെ മീറ്റർ അംഗീകൃത ലാബായ പള്ളം ടി.എം.ആറിൽ പരിശോധിച്ചതിന്റെ റിപ്പോർട്ട് പ്രകാരം 5 മാസത്തെ ഉപഭോഗം മാത്രമാണ് ഡൗൺ ലോഡ് ചെയ്യാൻ കഴിഞ്ഞിട്ടുള്ളതെന്ന് ഈ ഫോറം മനസിലാക്കുന്നു.

എതിർകക്ഷി പരാതിക്കാരന് നൽകിയിട്ടുള്ള ഷോർട് അസ്സെസ്സ്മെന്റ് ബില്ല് , കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് ,2014, റെഗുലേഷൻ 134(1) ,152(2) എന്നിവയുടെ അടിസ്ഥാനത്തിലാണെന്നാണ് അവകാശപ്പെടുന്നത്. ഈ റെഗുലേഷനുകൾ താഴെ നൽകുന്നു.

***Regulation-134. Under charged bills and over charged bills.-***

*(1) If the licensee establishes either by review or otherwise, that it has undercharged the consumer, the licensee may recover the amount so undercharged from the consumer by issuing a bill and in such cases at least thirty days shall be given to the consumer for making payment of the bill.*

***Regulation- 152(2).Anomalies attributable to the licensee which are detected at the premises of the consumer.-***

*….“the amount of electricity charges short collected by the licensee, if any, shall only be realised from the consumer under normal tariff applicable to the period during which such anomalies persisted”.*

ഈ റെഗുലേഷനുകൾ പ്രകാരം ഷോർട് അസ്സെസ്സ്മെൻ്റ് ബില്ലുകൾ നൽകി ഉപഭോക്താവിൽ നിന്നും തുക ഈടാക്കുന്നതിന്, പ്രസ്തുത കാലയളവിൽ ഉപഭോക്താവിൽ നിന്നും ഇലക്ട്രിസിറ്റി ബിൽ തുക ഈടാക്കിയിട്ടുള്ളത് കുറഞ്ഞു പോയിട്ടുണ്ടെന്ന് പ്രാഥമികമായി ലൈസെൻസി സ്ഥാപിക്കേണ്ടതുണ്ട്.

എന്നാൽ അത്തരത്തിൽ പരാതിക്കാരനിൽ നിന്നും ബിൽ തുക ഈടാക്കിയത് കുറഞ്ഞു പോയിട്ടുള്ളത് 25.10.2017 മുതലാണെന്നു സ്ഥാപിക്കുന്നതിന് എതിർകക്ഷിക്ക് സാധിച്ചിട്ടില്ലെന്നു ഈ ഫോറം വിലയിരുത്തുന്നു. അതേസമയം, മീറ്റർ പരിശോധനയുടെ ഭാഗമായി 01.10.2022 മുതൽ 01.03.2023 വരെയുള്ള 5 മാസ കാലയളവിലെ പരാതിക്കാരന്റെ ഉപഭോഗം ഡൗൺ ലോഡ് ചെയ്തെടുക്കുവാൻ കഴിഞ്ഞിട്ടുണ്ട്. മീറ്റർ ഡൗൺ ലോഡ് ചെയ്തുകിട്ടിയ കാലയളവിൽ പരാതിക്കാരന് നൽകിയിട്ടുള്ള ബിൽ തുകയിൽ ഏതെങ്കിലും തരത്തിൽ കുറവ് വന്നിട്ടുണ്ടെങ്കിൽ, ആയത് മീറ്റർ ഡൗൺ-ലോഡ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മുകളിൽ പ്രസ്താവിച്ച റെഗുലേഷൻ പ്രകാരം പരാതിക്കാരനിൽ നിന്നും ഈടാക്കുവാൻ ലൈസെൻസിക്ക് സാധിക്കുന്നതാണ്.

എന്നാൽ, മീറ്റർ ഡൗൺ-ലോഡ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും, കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ്, 2014-ലെ റെഗുലേഷൻ 152 അനുവദിക്കുന്ന പ്രകാരവും ബില്ലുകൾ പുനർനിർണ്ണയിച്ചു നൽകുകയാണെങ്കിൽ, ആ തുക റെഗുലേഷൻ 152 അനുവദിക്കുന്ന പലിശരഹിത മാസഗഡുക്കളായി അടക്കുന്നതിനുള്ള സൗകര്യം നൽകണമെന്ന് പരാതിക്കാരൻ ഹിയറിങ്ങിൽ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ചർച്ച ചെയ്തിരുന്നു. റെഗുലേഷൻ 152 താഴെ നൽകുന്നു.

**<u>Regulation-152. Anomalies attributable to the licensee which are detected at the premises of the consumer.-</u>**

(1) Anomalies attributable to the licensee which are detected on inspection at the premises of the consumer, such as wrong application of multiplication factor, incorrect application of tariff by the licensee even while there is no change in the

purpose of use of electricity by the consumer and inaccuracies in metering shall not attract provisions of Section 126 of the Act or of Section 135 of the Act.

(2) In such cases, the amount of electricity charges short collected by the licensee, if any, shall only be realised from the consumer under normal tariff applicable to the period during which such anomalies persisted.

(3) The amount of electricity charges short collected for the entire period during which such anomalies persisted, may be realised by the licensee without any interest:

Provided that, if the period of such short collection due to the anomalies is not known or cannot be reliably assessed, the period of assessment of such short collection of electricity charges shall be limited to twelve months:

Provided further that while assessing the period of such short collection the factors as specified in sub regulation (8) of regulation 155 shall be considered:
Provided also that realisation of electricity charges short collected shall be limited for a maximum period of twenty four months, even if the period during which such anomaly persisted is found to be more than twenty four months.

(4) The consumer may be given installment facility by the licensee for a maximum period of twelve months without interest for the remittance of such amount of short collection.

എന്നാൽ, പരാതിക്കാരന്റെ ഈ ആവശ്യം ഒറിജിനൽ പെറ്റീഷനിലുള്ള ഈ ഫോറത്തിന്റെ 23.04.2024-ലെ No.CGRF-CR/OP.No.113/2023-24/62 ഓർഡറിൽ പരിഗണിക്കുന്നത് വിട്ടുപോയിരുന്നു. ആയതിനാൽ ടി ഓർഡർ സ്വമേധയാ പുനരവലോകനം ചെയ്യുവാൻ ഈ ഫോറം തീരുമാനിച്ചു. ഒറിജിനൽ പെറ്റീഷന്റെ ഹിയറിങ്ങിൽ ഈ വിഷയം ചർച്ചയിൽ വന്നതിനാൽ മറ്റൊരു ഹിയറിങ്ങിന്റെ ആവശ്യകത ഇല്ലെന്ന് ഈ ഫോറം വിലയിരുത്തുന്നു. അതിൻ പ്രകാരം ടി ഓർഡറിലെ പേജ് നമ്പർ 8-ൽ ചേർത്തിരുന്ന തീരുമാനങ്ങൾ താഴെ വിവരിച്ചിരിക്കുന്ന പ്രകാരം തിരുത്തി ഉത്തരവിടുന്നു.

<u>ഉത്തരവ്:-</u>

1. മീറ്റർ ഡൗൺ ലോഡ് റിപ്പോർട്ട് പ്രകാരം 01.10.2022 മുതൽ 01.03.2023 വരെയുള്ള 5 മാസം പരാതിക്കാരന് നൽകിയിട്ടുള്ള ബിൽ തുകയിൽ കുറവ് വന്നിട്ടുണ്ടെങ്കിൽ ടി തുക മാത്രം കണക്കാക്കി എതിർകക്ഷി പരാതിക്കാരന് നൽകിയ ഷോർട്ട് അസ്സെസ്സ്മെന്റ് ബിൽ പുനർനിർണ്ണയിച്ചു നൽകേണ്ടതാണ്.
2. ഉത്തരവ്(1) പ്രകാരം പുനർനിർണയിച്ച് നൽകുന്ന ബില്ലുകൾ അടക്കുന്നതിന് 12 മാസത്തെ പലിശ രഹിത ഗഡുക്കൾ എതിർകക്ഷി പരാതിക്കാരന് നൽകേണ്ടതാണ്.
3. മറ്റു ചിലവുകൾ ഉത്തരവായിട്ടില്ല.

***The petitioner is at liberty to file appeal before the State Electricity Ombudsman, D.H. Road, Off shore Road Junction, Near Gandhi Square, Ernakulam, Pin – 682 016 (Ph: 0484 -2346488 , Mobile No. 8714356488) within 30 days of receipt of this order, if not satisfied with this decision.***

Dated this 30rd day of April 2024

| | | |
|---|---|---|
| Sd/- | Sd/- | Sd/- |
| Biju Varghese<br>3rd Member<br>CGRF, Ernakulam | Jayanthi.S<br>2nd Member<br>CGRF-CR, Ekm | Sheeba. P<br>(CHAIRPERSON)<br>CGRF-CR, Ernakulam |

<u>Endt. On CGRF-CR/OP No.113/2023-24 Dated</u>
<u>Delivered to</u>

Sri. Johnson Abraham
LMS, Puthuval,
Glenmary P.O., Peerumade,
Idukki, Pin – 685 531

Sd/-
CHAIRPERSON
(DEPUTY CHIEF ENGINEER)
CGRF-CR, KALAMASSERRY

Copy submitted to: 1)The Secretary, KSEBL, Vydhyuthi Bhavanam, Pattom, Thiruvananthapuram.
" 2)The Secretary, Kerala State Regulatory Commission, KPFC Bhavanam, C.V Raman Pillai Road, Vellayambalam, Thiruvananthapuram.

Copy to: - (1) The Deputy Chief Engineer, Electrical Circle, KSEBL,Thodupuzha
(2) The Executive Engineer, Electrical Division, KSEBL, Peerumade
(3) The Assistant Executive Engineer, Electrical Sub Division KSEBL, Vandiperiyar
(4) The Assistant Engineer, Electrical Section, Peerumade